സംസ്ഥാനത്തെ പി.ഡബ്ല്യു.ഡി റസ്റ്റ്ഹൗസുകൾ സ്വകാര്യമേഖലയ്ക്ക് കൈമാറുന്ന നടപടി

105 [721] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതാനും പി.ഡബ്ല്യു.ഡി. റസ്റ്റ്ഹൗസുകൾ സ്വകാര്യ മേഖലയ്ക്ക്/വ്യക്തികൾക്ക് നൽകുന്നതിന് കരാറുകാരെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ച നടപടിക്രമം വ്യക്തമാക്കാമോ;

(ബി) ടെണ്ടർ വിളിച്ചിരുന്നുവെങ്കിൽ ഓരോ റസ്റ്റ്ഹൗസിനും വേണ്ടി എത്ര ടെണ്ടറുകൾ വീതം ലഭിച്ചിരുന്നു; വിശദാശം വ്യക്തമാക്കുമോ;

(സി) ആലുവ റസ്റ്റ്ഹൗസിനുവേണ്ടി എത്ര ടെണ്ടറുകൾ ലഭിച്ചിരുന്നു;

(ഡി) ഒരു ടെണ്ടർ മാത്രമാണ് ലഭിച്ചതെങ്കിൽ റീടെണ്ടർ ക്ഷണിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുകയുണ്ടായോ; ഇല്ലെങ്കിൽ കാരണമെന്ത്;

(ഇ) ഇവിടെയുള്ള പി.ഡബ്ല്യു.ഡി. അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ് കെട്ടിടവും സ്ഥലവും കൂടി കരാറുകാരന് വിട്ടുകൊടുക്കുന്ന കാര്യം പരിഗണന യിലുണ്ടോ;

(എഫ്) ഇക്കാര്യം നേരത്തെയുള്ള ഉടമ്പടിയിൽ ഉൾപ്പെട്ടിരുന്നതാണോ എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) രണ്ട് ഘട്ടമായിട്ടുള്ള തുറന്ന മത്സരയോഗ്യതാ നിർണ്ണയ രീതിയാണ് അവലംഭിച്ചത്. പ്രഥമയോഗ്യതാ നിർണ്ണയത്തിനായി താൽപ്പര്യമുള്ള സ്വകാര്യ സംരംഭകരിൽ നിന്ന് പത്രപ്പരസ്യം മുഖേന അപേക്ഷകൾ ക്ഷണിക്കുകയും തുടർന്ന് പ്രവൃത്തി പരിചയം, സാമ്പത്തിക യോഗ്യത എന്നീ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പ്രഥമ യോഗ്യതാനിർണ്ണയം നടത്തി. ഇങ്ങനെ തിരഞ്ഞെടുത്ത അപേക്ഷകരിൽ നിന്നും ലഭിച്ച പ്രൊപ്പോസലുകളാണ് പരിഗണിച്ചത്. റസ്റ്റ്ഹൗസു കളുടെ വാണിജ്യമൂല്യം കണക്കാക്കിയതിനുശേഷം മുൻകൂട്ടി നിശ്ചയിച്ച തുകയ്ക്ക് മേലെ ഏറ്റവും കൂടിയ തുക ആരു നൽകുമോ അവരുമായി കരാർ എന്നതാ യിരുന്നു അടിസ്ഥാനം.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ റസ്റ്റ്ഹൗസിനും ലഭിച്ച പ്രൊപ്പോസലുകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

മൂന്നാർ	. .	4
ആലുവ	. .	2
വൈക്കം	. .	2

(സി) രണ്ട്.

(ഡി) ബാധകമല്ല.

(ഇ) പ്രോജക്ട് ഇംപ്ലിമെന്റേഷനിലേയ്ക്കായി ആലുവ റസ്റ്റ്ഹൗസ് പരിസരത്ത് കൂടുതൽ സ്ഥലം അനുവദിക്കണം എന്നുള്ള കരാറുകാരന്റെ ആവശ്യം സർക്കാർ പരിശോധിച്ചുവരുന്നു.

(എഫ്) അല്ല.

പാട്ടത്തിനു നൽകിയിട്ടുള്ള പി.ഡബ്ല്യു.ഡി റസ്റ്റ്ഹൗസുകൾ

106 [722] ഡോ. തോമസ് ഐസക്ക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം പി.ഡബ്ല്യു.ഡി. റസ്റ്റ്ഹൗസുകളാണ് പാട്ടത്തിനു നൽകിയിട്ടുള്ളതെന്നു വ്യക്തമാക്കാമോ;

(ബി) അവ ആർക്കെല്ലാമാണ് പാട്ടത്തിനു നൽകിയിട്ടുള്ളതെന്നു വെളിപ്പെടുത്തുമോ; പാട്ടവ്യവസ്ഥപ്രകാരം ലഭിക്കുന്ന തുക എത്ര വീതമെന്നു വ്യക്തമാക്കുമോ;

(സി) റസ്റ്റ്ഹൗസുകൾ പാട്ടത്തിനു നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്;

(ഡി) ഇതു സംബന്ധിച്ച് ഉണ്ടാക്കിയിട്ടുള്ള വ്യവസ്ഥകളുടെ, കോപ്പി ലഭ്യമാക്കുമോ;

(ഇ) റസ്റ്റ്ഹൗസുകളോടനുബന്ധിച്ചുള്ള ഭൂമി പാട്ടത്തിനു നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം റസ്റ്റ്ഹൗസുകളുടെ ഭൂമിയാണ് പാട്ടത്തിനു നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly